21/02/2026

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/02/2026

1. കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെയും കേരള സർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക സർവ്വകലാശാല തൃശ്ശൂർ വെള്ളാനിക്കരയിൽ "ദക്ഷിണ മേഖല കാർഷിക മേള 2026" നടന്നു വരുന്നു. ഫെബ്രുവരി 18 ആം തിയതി മുതൽ ആരംഭിച്ച മേളയിൽ ജനപ്രതിനിധികൾ, ദക്ഷിണേന്ത്യൻ കാർഷിക സർവ്വകലാശാലകളുടെയും, ICAR സ്ഥാപനങ്ങളുടെയും മേധാവികൾ, കൃഷി വകുപ്പ് മേധാവികൾ, കർഷക പ്രമുഖർ തുടങ്ങിയവർ വിവിധ സെമിനാറുകൾ നയിക്കുകയും ചെയ്യുന്നതാണ്. ഇരുനൂറോളം പ്രദർശന സ്റ്റാളുകൾ, സാങ്കേതിക വിദ്യ തത്സമയ പ്രദര്ശനങ്ങൾ, കർഷക-ശാസ്ത്രജ്ഞ മുഖാമുഖം, കർഷകർക്കും വിദ്യാർത്ഥികൾക്കുമായി വിവിധ മത്സരങ്ങൾ, ഫാം സന്ദർശനങ്ങൾ, പ്രദർശന-വിപണന സ്റ്റാളുകൾ, പ്രകൃതി സവാരി, എഫ്. പി. ഓ - അഗ്രി സ്റ്റാർട്ട് അപ്പ് ബി. ടു ബി. സംഗമങ്ങൾ, സാംസ്കാരിക സന്ധ്യകൾ തുടങ്ങിയവയാണ് ഈ മേളയുടെ പ്രധാന ആകർഷണങ്ങൾ. മേള ഫെബ്രുവരി 22 വരെ ഉണ്ടായിരിക്കുന്നതാണ് .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. നിലമ്പൂർ മൃഗാശുപത്രിയിൽ മൊബൈൽ മൃഗസംരക്ഷണ സഹായയൂണിറ്റ് നിലവിൽ വന്നു. കേരള വെറ്ററിനറി സർവ്വകലാശാല, മലപ്പുറം ജില്ലാ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെയാണ് ഈ യൂണിറ്റ് പ്രവർത്തിക്കുക. ആടുവളർത്തൽമേഖലയിൽ സമഗ്രപുരോഗതി ലക്ഷ്യമിട്ട് ഇന്ത്യൻകാർഷികഗവേഷണകൗൺസിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് AICRP on Goat Improvement (AICRP ആട് വർഗോദ്ധാരണപദ്ധതി). കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള CASAGB (Centre for Advanced Studies in Animal Genetics and Breeding) വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ പ്രാഥമികലക്ഷ്യം മലബാറിആടുകളുടെ ജനിതകഉന്നമനവും സംരക്ഷണവും ഒപ്പം ഇതിലൂടെയുള്ള കർഷകശാക്തീകരണവുമാണ്. പദ്ധതിയുടെ കീഴിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ഫീൽഡ് യൂണിറ്റുകളും മണ്ണുത്തി, തിരുവാഴാംകുന്ന് എന്നിവിടങ്ങളിൽ 2 ഫാം യൂണിറ്റുകളും ഉണ്ട്. മലബാറിആടുകളുടെ ഉല്പാദനക്ഷമതയും ഗുണമേന്മയും വർധിപ്പിക്കുന്നതിനായി

ff



ഗുണനിലവാരമുള്ള മുട്ടനാടുകളെ പ്രജനനത്തിനായി കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ ആടുകളുടെ ആരോഗ്യപരിരക്ഷയ്ക്കുവേണ്ടിയുള്ള പ്രതിരോധകുത്തിവെപ്പുകൾ, വിരമരുന്നുകൾ എന്നിവയും കൂടാതെ ആട്ടിൻതീറ്റ, ധാതുലവണമിശ്രിതങ്ങൾ, ചെറുഉപകരണങ്ങൾ തുടങ്ങിയവയും നൽകിവരുന്നു. ആട്ടുവളർത്തൽമേഖലയിൽ നിലവിലുള്ള കർഷകരെയും പുതുതായി തുടങ്ങാൻ താല്പര്യമുള്ള വ്യക്തികളെയും മുൻനിർത്തി ശാസ്ത്രീയമായ ആട്ടുവളർത്തൽ രീതികളെക്കുറിച്ച് പരിശീലനപരിപാടികളും സംഘടിപ്പിക്കുന്നു.

## പരിശീലന പരിപാടി

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ 24/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

**കാർഷിക നിർദേശം**

4. കാബേജ് – കാബേജിൽ ഡയമണ്ട് ബാക് മോത്തിന്റെ ആക്രമണം കണ്ടുവരുന്നു. ഇവയുടെ പുഴുക്കൾ ഇലകളുടെ ഉപരിതലം കാർന്നു തിന്നുന്നതിന്റെ ഫലമായി ഇലകളിൽ വെളുത്ത പാടുകൾ വീഴുന്നു. കടുത്ത കീടബാധയുള്ള അവസ്ഥയിൽ ഇവ പൂർണമായും ഇലകൾ തിന്നു നശിപ്പിക്കുന്നു. രോഗത്തിൻറെ തുടക്കത്തിൽ തന്നെ ബ്യൂവേറിയ ബാസ്സിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വൈകുന്നേരങ്ങളിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ബാസില്ലസ്ൻറെ ഫോർമുലേഷനുകൾ നിർദ്ദേശിച്ചിട്ടുള്ള തോത് പ്രകാരം തളിച്ചുകൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ ഫെയിം 1.5 ml /10L അല്ലെങ്കിൽ കൊറാജെൻ 3 ml / 10L എന്ന തോതിൽ തളിച്ചുകൊടുക്കുക.

സാങ്കേതികവിജ്ഞാനവ്യാപന.തിരുവനന്തപുരം